## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4752 — 18/12/2014-ൽ മറുപടിയ്ക്ക്

## കേന്ദ്ര പുനരധിവാസ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) ഭൂവുടമകൾക്ക് വർദ്ധിച്ച നഷ്ട പരിഹാരവും പുനഃരധിവാസവും കേന്ദ്ര സർക്കാരിന്റെ പുതിയ നിയമം ഉറപ്പ് നൽകുന്നു. പാർപ്പിടം നഷ്ടപ്പെടുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ഐ. എ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പാർപ്പിടം, വലിയ പ്രോജക്ടുകൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ പകരം ഭൂമി, തൊഴിൽ സംരംഭമാണെങ്കിൽ അർഹതയ്ക്കനുസരിച്ച് തൊഴിൽ/ധനസഹായം എന്നിവയും വാഗ്ദാനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും നിഷ്പക്ഷവും ആക്കാനാണ് പുതിയ നയം ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തിയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ / നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയിട്ടുണ്ട്. തുടർന്ന് ചട്ടങ്ങൾ നിലവിൽ വരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ദധ സമിതികളേയും നിയോ ഗിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ആക്ടിൽ വ്യവസ്ഥ ചെയ്യുന്ന സമിതികളും അതോറിറ്റികളും രൂപീകരിക്കുന്ന തിനുള്ള നടപടി പിന്നീട് സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതിനോടനുബന്ധിച്ചുള്ള നിയമ ങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (ഡി) | പുതിയ പൊന്നുംവില നിയമത്തെ അടിസ്ഥാനമാക്കിയുള്ള കരട് ചട്ട ങ്ങൾ സർക്കാർ അംഗീകരിച്ച് 28-11-2014-ലെ കേരള അസാധാ രണ ഗസറ്റിൽ പ്രസിദ്ധപ്പെടു ത്തിയിട്ടുണ്ട്. പ്രസിദ്ധീകരിച്ച തിയതി മുതൽ 30 ദിവസം വരെ ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് അവസരം സർക്കാർ നൽകിയി ട്ടുണ്ട്. ഈ ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.